(സി) 1992-ലെ ഭൂഗർഭ ജല വിഭവകണക്കനുസരിച്ച് 7900 മില്യൻ ക്യൂബിക് മീറ്റർ ഭൂജലം വിനിയോഗത്തിന് ലഭ്യമാണെന്ന് കണക്കാക്കിയിട്ടുണ്ട്. ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ കമ്മിറ്റിയുടെ 1992-ലെ സ്ഥിതിവിവരകണക്കുകൾ പ്രകാരം 16.03 ശതമാനത്തിന് താഴെ മാത്രമേ ഭൂജലം ഉപയോഗപ്പെടുത്തിയിട്ടുള്ളൂ.

(ഡി) 1992-ലെ സ്ഥിതിവിവരക്കണക്കനുസരിച്ച് 100622 ഹെക്ടാ മീറ്റർ ഭൂജലം ഉപയോഗിച്ച് 146447.32 ഹെക്ടർ പ്രദേശത്ത് ജലസേചനം നടത്തുവാൻ ഉപയോഗിക്കുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു.

(ഇ) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

**18 (*T-302) ബാലാദ്ധ്വാന കമ്മീഷൻ**

ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഠിനമായ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികളെ പുനരധിവസിപ്പിച്ച് വിദ്യാഭ്യാസം ചെയ്യിക്കാൻ എന്തെങ്കിലും പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ:

(ബി) ഒരു ബാലാദ്ധ്വാനകമ്മീഷൻ രൂപീകരിക്കുന്നതിന് ഗവൺമെന്റിന് നിവേദനം ലഭിച്ചിട്ടുണ്ടോ:

(സി) എങ്കിൽ ഗവൺമെന്റ് ഈ കാര്യത്തിൽ അനുകൂല തീരുമാനമെടുത്തിട്ടുണ്ടോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) ഉണ്ട്. ബാലവേല നിരോധനം സംബന്ധിച്ച 10-12-1996-ലെ സുപ്രീംകോടതി വിധി ന്യായത്തിലെ നിർദ്ദേശപ്രകാരം 1997 മെയ് മാസത്തിൽ തൊഴിലെടുക്കുന്ന കുട്ടികളെ കണ്ടെത്തുന്നതിന് ഒരു സർവേ നടത്തുകയും അപകടകരമായ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികളെ കണ്ടെത്തുന്ന അവസരത്തിൽ പ്രസ്തുത തൊഴിലുകളിൽ നിന്നും മോചിപ്പിച്ച് അവരെ പുനരധിവസിപ്പിക്കുന്നതിനായി ഓരോ ജില്ലയിലും ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ ചൈൽഡ് ലേബർ റിഹാബിലിറ്റേഷൻ-കം-വെൽഫെയർ സൊസൈറ്റികൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. അപകടകരമല്ലാത്ത തൊഴിലുകളിൽ, പ്രത്യേകിച്ച് ഹോട്ടലുകളിൽ പണിയെടുക്കുന്ന 14 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾക്ക് അനൗപചാരിക വിദ്യാഭ്യാസം നൽകാനായി വിദ്യാഭ്യാസവകുപ്പ് മുഖേന ഒരു പഠന പദ്ധതി ഗവൺമെന്റ് ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സുപ്രീം കോടതി വിധിന്യായത്തിലെ നിർദ്ദേശത്തിനനുസൃതമായി ബാലവേല നിരോധനം നടപ്പിലാക്കുന്നതിനു വേണ്ടി ഒരു 'സ്റ്റേറ്റ് ലേബർ മോണിട്ടറിംഗ് കമ്മിറ്റി' രൂപീകരിച്ചു കൊണ്ട് സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ ഒരു കമ്മീഷന്റെ ആവശ്യം ഇല്ലെന്ന് ഗവൺമെന്റ് കരുതുന്നു.



LIBRARY ARCHIVES Kerala Legislative Assembly